# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

27.02.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *39

## സ്റ്റാർട്ടപ്പ് കമ്പനികളുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. കെ. നാണു<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. ബി. ഗണേഷ് കുമാർ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അംഗീകാരവും പ്രവർത്തനാനുമതിയും നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ (സ്റ്റാർട്ടപ്പ് ഇന്ത്യ) ആണ് സർക്കാർ തലത്തിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് അംഗീകാരം നൽകുന്നത്. നൂതനമായ ആശയങ്ങളുമായി വരുന്ന യുവ സംരംഭങ്ങൾ / സ്റ്റാർട്ടപ്പ് കമ്പനികൾക്കാണ് അംഗീകാരം നൽകിവരുന്നത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തിൽ പ്രവർത്തിക്കുന്ന എട്ടോളം സംരംഭങ്ങൾക്ക് സ്റ്റാർട്ടപ്പ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കെ എസ് ഐ ഡി സി യുടെ സഹായത്താൽ പ്രവർത്തിക്കുന്ന എൺപതോളം സംരംഭങ്ങൾ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ, വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ അധീനതയിലുള്ള 200-ഓളം സാങ്കേതിക സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അംഗീകാരം നല്കുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഇവയുടെ പ്രവർത്തനം എങ്ങനെയാണ് മുന്നോട്ട് കൊണ്ടുപോകുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സ്റ്റാർട്ടപ്പ് കമ്പനികൾക്ക് സാമ്പത്തിക സഹായം നല്കുന്നുണ്ടോ ; ഉണ്ടെങ്കിൽ | (സി) & | കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എഴുപത്തിരണ്ടോളം യുവ സംരംഭങ്ങൾക്ക |

| | | | |
|---|---|---|---|
| | അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | (ഡി) | പ്രാഥമിക മൂലധനസഹായം (സീഡ് ഫണ്ട് സഹായം) നൽകിയിട്ടുണ്ട്. നൂതനമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധനസഹായവും ഇൻകുബേഷൻ സൗകര്യങ്ങളും മറ്റു മാർഗ്ഗ നിർദ്ദേശ സെമിനാറുകളും, ചർച്ചായോഗങ്ങളും നടത്തി വരുന്നു. കൂടാതെ, വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികം ഉൾപ്പെടെ സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുമുള്ള യുവ സംരംഭകത്വ വികസന പദ്ധതിയിലൂടെ താഴെപ്പറയുന്ന രീതിയിൽ സാമ്പത്തിക സഹായം നൽകിവരുന്നു.<br>1. **ഐഡിയ ഡേ**<br>നൂതനമായ ആശയങ്ങളെ ഉല്പന്നമാക്കി മാറ്റുന്നതിനും അത് വിപണിയിലെത്തിക്കുന്നതിനുമായി സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, ഇന്നവേറ്റർമാർ എന്നിവർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച പദ്ധതി.<br>2. **സീഡ് സപ്പോർട്ട് സ്കീം**<br>സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ആദ്യകാല പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ലഭിക്കുന്നതിനുള്ള പരിമിതി പരിഹരിക്കുന്നതിനായി ഉദാരവ്യവസ്ഥയിൽ ചുരുങ്ങിയ പലിശ ഈടാക്കി വായ്പ നൽകുന്ന പദ്ധതി<br>3. **പേറ്റൻറ് സപ്പോർട്ട് സ്കീം**<br>പേറ്റൻറിന് അപേക്ഷിക്കുന്ന സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവയ്ക്ക് അതിന് ചെലവായ തുക തിരികെ നൽകുന്ന പദ്ധതി<br>4. **മാർക്കറ്റിംഗ് സപ്പോർട്ട്**<br>ഉല്പന്നം വികസിപ്പിച്ചശേഷം അതിന്റെ വിപണനത്തിന് സഹായം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം അഞ്ച് ലക്ഷം എന്ന പരിധിക്ക് വിധേയമായി സ്റ്റാർട്ടപ്പ് |
| (ഡി) | സമൂഹത്തിലെ എല്ലാ തട്ടിലെ ജനങ്ങളെയും സംരംഭകരാക്കാൻ സർക്കാർ ചെയ്യുന്നതും ചെയ്യാനുദ്ദേശിക്കുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കമ്പനികൾക്ക് മാർക്കറ്റിംഗ് സഹായം നൽകും.<br>**5. <u>അന്തർദേശീയ വിനിമയ പദ്ധതി</u>**<br>സിലിക്കൺവാലി പോലെ അന്തർദേശീയ തലത്തിൽ പ്രശസ്തമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയും ബിസിനസ്സ് ലക്ഷ്യങ്ങളും സന്ദർശിച്ച് അവ മനസ്സിലാക്കുന്നതിനും വിപണനത്തിനുമായി വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കുമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി<br>**6.ദേശീയ തലത്തിലെ ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.**<br>**7.ഉല്പന്ന വികസനത്തിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്റ്റാർട്ടപ്പ് കമ്പനികൾക്ക് വാങ്ങി നൽകുന്ന പദ്ധതി.**<br>**8.സ്റ്റാർട്ടപ്പ് കമ്പനികൾക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട SEBI അംഗീകാരമുള്ള നിക്ഷേപകർക്ക് നൽകുന്ന തുകയുടെ ഇരട്ടി കേരള സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തണമെന്ന വ്യവസ്ഥയിൽ തുക നൽകുന്ന പദ്ധതി.** |

Bindu T

**സെക്ഷൻ ഓഫീസർ**